2006
ജൂലായ്
**25**
4-ാം വർഷത്തിലേക്ക്

# പ്ലാച്ചിമട കോക്കകോള കമ്പനിയിലെ വിഷമാലിന്യപ്രശ്നത്തിന്റെ വെളിപ്പെടുത്തൽ...

**കേരളീയം ന്യൂസ് സർവ്വീസ്**

**പ്ലാച്ചിമട കോള കമ്പനി തുടങ്ങിയിട്ട് 6 വർഷം കഴിഞ്ഞു. സമരം തുടങ്ങിയിട്ട് നാലര വർഷം ആകാറായി. എന്നാൽ ഗുരുതരമായ വിഷമാലിന്യപ്രശ്നം പുറംലോകം അറിഞ്ഞിട്ട് മൂന്ന് വർഷം പിന്നിടുകയാണ്.**

പ്ലാച്ചിമട പ്രദേശത്ത് കോക്കകോള കമ്പനി മൂലമുണ്ടായ ജലമലിനീകരണത്തിനും ജലശോഷണത്തിനും എതിരെ പ്ലാച്ചിമട വാസികൾ 2002 ഏപ്രിൽ 22 ന് സമരമാരംഭിച്ചു. 2003 ജൂലൈ 25 നാണ് പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ കാഡ്മിയം പോലുള്ള വിഷപദാർത്ഥങ്ങളും പരിസര പ്രദേശത്തെ പഞ്ചായത്ത് കിണറിൽ ലെഡിന്റെ അംശവും കൂടുതലായുണ്ടെന്ന ബി.ബി.സി. റേഡിയോ-4 ൽ വാർത്താ പ്രക്ഷേപണം ചെയ്തത്. ഇതേ തുടർന്ന് കേന്ദ്ര-കേരള മലിനീകരണ നിയന്ത്രണ ബോർഡുകൾ നടത്തിയ പരിശോധനയിൽ ബി.ബി.സി. യുടെ കണ്ടെത്തൽ ശരിവെയ്ക്കുകയുണ്ടായി. പ്ലാച്ചിമട സമരത്തിന് ശക്തിപകർന്ന ഈ വെളിപ്പെടുത്തൽ 4-ാം വർഷത്തിലേക്ക് കടക്കുമ്പോൾ ഗുരുതരമായ ഈ പരിസ്ഥിതി നിയമലംഘനത്തിന് കോക്കകോളക്ക് എതിരായി എടുത്ത നടപടികൾ വിലയിരുത്തി നോക്കേണ്ടതാണ്.

പ്ലാച്ചിമട കോക്കകോള കമ്പനിയുടെ ഖരമാലിന്യത്തിൽ വിഷപദാർത്ഥങ്ങളുണ്ടെന്ന് കേരള മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥിരീകരിച്ച ഉടനെ കമ്പനി കർഷകർക്ക് വളമെന്ന് തെറ്റിദ്ധരിപ്പിച്ച് നൽകിയ ഖരമാലിന്യം മുഴുവൻ തിരിച്ചെടുക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഇതുവരെ 4 ലോഡ് (ഏകദേശം 16 ടൺ) ഖരമാലിന്യമേ തിരിച്ചെടുത്തതായി രേഖകളിൽ കാണുന്നുള്ളൂ. കേരളമലിനീകരണ നിയന്ത്രണബോർഡിൽ ലഭ്യമായി കണക്കുകളിൽ പ്രകാരം കമ്പനി ഇതുവരെ 180 ടൺ ഖരമാലിന്യമെങ്കിലും ഉല്പാദിപ്പിച്ചിട്ടുണ്ടാകണം. ഇതോടൊപ്പം കമ്പനി, ചിറ്റൂർ പുഴയുടെ തീരത്ത് തള്ളിയ ഖരമാലിന്യത്തെക്കുറിച്ച് പരാമർശമേയില്ല.

പ്ലാച്ചിമട കമ്പനിയിലെ ഖരമാലിന്യത്തിൽ വിഷപദാർത്ഥങ്ങൾ കണ്ടെത്തിയതിനോടൊപ്പം കമ്പനിയോട് ചേർന്ന് കിടക്കുന്ന കോളനിയിലെ പഞ്ചായത്ത് കിണറിലും ഖരമാലിന്യം നിക്ഷേപിച്ച മാണിക്യചെട്ടിയാർ എന്ന കർഷകന്റെ കൃഷിയിടത്തിലെ കിണറിലും കാഡ്മിയം അനുവദനീയമായ പരിധിയിൽ കൂടുതലാണെന്ന് കേരള മലിനീകരണ നിയന്ത്രണബോർഡിന്റെ പരിശോധനയിൽ സ്ഥിരീകരിച്ചിരുന്നു. മാരകവിഷപദാർത്ഥ മാനേജ്മെന്റ് നിയമപ്രകാരവും മറ്റ് പരിസ്ഥിതി നിയമപ്രകാരവും കോക്കകോളക്ക് എതിരെ ശിക്ഷാനടപടികൾ എടുക്കാവുന്ന ഗുരുതരമായ ഈ കുറ്റകൃത്യത്തിന് വ്യക്തമായ തെളിവുകളുണ്ടായിട്ടും കേരള മലിനീകരണ നിയന്ത്രണബോർഡോ കേരള ഗവൺമെന്റോ പഞ്ചായത്തധികൃതരോ പ്രതിരോധ പ്രവർത്തകരോ ഈ ആവശ്യം ശക്തമായി ഉന്നയിച്ച് മുന്നോട്ട് വരുന്നില്ല.

കേരള മലിനീകരണ നിയന്ത്രണബോർഡ് പ്ലാച്ചിമട കോക്കകോള കമ്പനിക്ക് എതിരെ 19-08-06 ന് അടച്ചുപൂട്ടൽ ഉത്തരവിറക്കിയത്' കമ്പനിയുടെ ഖരമാലിന്യത്തിലും വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറിലും ഘന ലോഹ മാലിന്യങ്ങൾ കണ്ടെത്തിയതു കൊണ്ടായിരുന്നിട്ടും കമ്പനിക്ക് എതിരെ മറ്റ് ശിക്ഷാനടപടികൾ ഒന്നും എടുത്തിട്ടില്ല. പ്ലാച്ചിമടയിൽ നിന്ന് കോക്കകോളകമ്പനിയെ നഷ്ടപരിഹാരമീടാക്കി പുറത്താക്കുന്നതിനുള്ള പ്ലാച്ചിമട സമരത്തിൽ കോക്കകോള കമ്പനിക്ക് മാരകമായ പ്രഹരമേൽപിക്കാൻ മാത്രം വേണ്ടത്ര തെളിവുകളുള്ള, ഗുരുതരമായ വിഷമാലിന്യപ്രശ്നം ശക്തമായി ഉന്നയിക്കാൻ ഈ അവസരം ഇനിയും ഉപയോഗിക്കാവുന്നതാണ്.

**കാർട്ടൂൺ : വി.എസ്. ഗിരീശൻ**

